# കേരള സർവകലാശാല

നം. പി.ആർ.178/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
### എസ്.സി/എസി.ടി. സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 9-നും 10-നും.

2017-18-ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിലും ആഗസ്റ്റ് 9-ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ആഗസ്റ്റ് 10-ന് ഹാജരാകേണ്ടതാണ്. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. രജിസ്ട്രേഷൻ ഇല്ലാത്തവരേയും ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരെയും യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (840/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 840/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല.

ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
## ഡോൺ ബോസ്കോ കോളേജിലെ ബി.കോം പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കൊട്ടിയം ഡോൺ ബോസ്കോ കോളേജിൽ പുതുതായി അനുവദിച്ച ബി.കോം (കോമേഴ്സ് ടാക്സ് പ്രൊസീഡ്യുർ ആന്റ് പ്രാക്ടീസ്) കോഴ്സിന് അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ ആഗസ്റ്റ് പതിനൊന്നാം തീയതി വൈകുന്നേരം അഞ്ച് മണിക്ക് മുൻപായി കോളേജിൽ അപേക്ഷ സമർപ്പിക്കണം. മെറിറ്റ് സീറ്റിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരേയാണ് ആദ്യം പരിഗണിയ്ക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തവരെ പരിഗണിച്ച ശേഷം ഒഴിവ് വന്നാൽ രജിസ്ട്രേഷൻ ഇല്ലാത്തവരേയും പരിഗണിയ്ക്കും. സർവകലാശാലയിലേയ്ക്ക് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല.

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ 31.08.2017 വരെ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി 31.08.2017 ആണ്. സ്പോർട്ട്സ്, കമ്മ്യൂണിറ്റി ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സഹിതം അതത് കോളേജുകളിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ബി.കോം ഫലം

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (2014 സ്കീം റെഗുലർ, 2013 സപ്ലിമെന്ററി) പരീക്ഷയുടെ (ധനുവച്ചപുരം, കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വർക്ക്ഷോപ്പ് പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാലയുടെ ആഗസ്റ്റ് ഒൻപത്, പത്ത് തീയതികളിൽ ടി.കെ.എം സെന്ററായി നടത്തേണ്ടിയിരുന്ന കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക്ക് (നവംബർ 2016) (2013 സ്കീം) ഇലക്ട്രക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ് പരീക്ഷ ആഗസ്റ്റ് 16, 17 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. ആഗസ്റ്റ് ഒൻപത്, പത്ത് തീയതികളിൽ സി.ഇ.റ്റി സെന്ററായി നടത്തുന്ന പ്രസ്തുത പരീക്ഷയ്ക്ക് മാറ്റമില്ല.

## എം.ബി.എ ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (2014 സ്കീം റഗുലർ, യു.ഐ.എം ഈവനിംഗ്, ട്രാവൽ ആന്റ് ടൂറിസം) ഫലവും കരട് മാർക്ക് ലിസ്റ്റും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം)(2011 സ്കീം- റഗുലർ & സപ്ലിമെന്ററി, 2006 സ്കീം- സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷാ പേപ്പർ പുനർമൂല്യനിർണയത്തിന് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

## എം.എച്ച്.എ/എച്ച്.എച്ച്.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം മെയിൽ നടത്തിയ ഒന്നാം വർഷ എം.എച്ച്.എ (മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)/എച്ച്.എച്ച്.എ (പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ ഹെൽത്ത് ആന്റ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ സി.ബി.സി.എസ് കരിയർ റിലേറ്റഡ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ആഗസ്റ്റ് ഒൻപത് മുതൽ 19 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനർമൂല്യനിർണയ വിഭാഗമായ ഇ.ജെ.III-ൽ എത്തിച്ചേരേണ്ടതാണ്.

## ബി.എഡ് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (ദ്വിവത്സരകോഴ്സ്- 2015 സ്കീം - റഗുലർ ആന്റ് സപ്ലിമെന്ററി)പരീക്ഷാ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സ്കോളർഷിപ്പ് കൈപ്പറ്റണം

അന്തർ സർവകലാശാല മത്സരങ്ങളിൽ പങ്കെടുക്കുകയും മെഡൽ കരസ്തമാക്കുകയും ചെയ്ത കായികതാരങ്ങൾക്കുള്ള സ്പോർട്സ് സ്കോളർഷിപ്പുകളുടെ (സ്പോർട്സ് റ്റാലന്റ് സ്കോളർഷിപ്പ് (2008-09 & 2009-10)/ സ്പോർട്സ് ട്രെയിനിംഗ് ഇൻസന്റീവ് (2009-10 മുതൽ 2016-17 വരെ)) വിതരണം ഓഗസ്റ്റ് 16, 18 തീയതികളിൽ ജി.വി രാജ പവിലിയനിൽ പ്രവർത്തിക്കുന്ന സർവകലാശാല കായിക പഠന വിഭാഗം ഓഫീസിൽ വെച്ച് വിതരണം ചെയ്യും. സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ അന്നേ ദിവസം തിരിച്ചറിയൽ രേഖ, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ തിരിച്ചറിയൽ രേഖയും സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അധികാരപ്പെടുത്തിയ രേഖയും സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. കൈപ്പറ്റാത്ത തുക നിശ്ചിത തീയതിക്ക് ശേഷം സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്. അർഹരായവരുടെ പട്ടിക സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
08.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**